No: 1838/MCA/2012/TA.2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## <u>സർക്കാർ/സർക്കാർ എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എം.സി.എ. കോഴ്സ് 2012- 13 പ്രവേശനം ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഷെഡ്യൂൾ</u>

കേരളത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ കോളേജുകളിലെ 2012 - 13 വർഷത്തെ എം.സി.എ. കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **20.11.2012 (ചൊവ്വാഴ്ച)** നടത്തുന്നതാണ്.

എം.സി.എ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് 2012 നവംബർ 8-ാം തീയതി മുതൽ 17-ാം തീയതി വൈകുന്നേരം 4 മണി വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**2012-13 എം.സി.എ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ ഖണ്ഡിക 5(b) പ്രകാരം വിവിധ യുണിവേഴ്സിറ്റികൾ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലായിരിക്കണം വിദ്യാർത്ഥികൾ കോളേജുകൾക്കായുള്ള ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടത്.**

ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. നേരിട്ടോ, തപാൽ മുഖേനയോ, ഫാക്സ് മുഖേനയോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്ന ഓപ്ഷനുകളും പരിഗണിക്കുന്നതല്ല.

**<u>ജാഗ്രത:</u>** *എം.സി.എ കോഴ്സ് പ്രവേശനത്തിന് വിവിധ യൂണിവേഴ്സിറ്റികൾ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത വ്യത്യസ്തമാണ്. ആയതിനാൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ വിദ്യാർത്ഥികൾ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. നിർദ്ദിഷ്ട യോഗ്യതയില്ലാതെ കോളേജുകൾക്കായി ഓപ്ഷൻ രജിസ്റ്റർ ചെയ്താൽ, അലോട്ട്മെന്റ് ലഭിച്ചാലും അഡ്മിഷൻ നിഷേധിക്കപ്പെടാൻ സാധ്യതയുണ്ട്. അങ്ങനെയുണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും. അത്തരം വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല.*

**<u>ഒന്നാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:</u>**

| | |
|---|---|
| 08.11.2012 | വെബ്സൈറ്റിൽ ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം സജ്ജമാകുന്നു |
| 15.11.2012 | ട്രയൽ അലോട്ടുമെന്റ് ; ഓപ്ഷൻ രജിസ്ട്രേഷൻ തുടരുന്നു. |
| 17.11.2012, വൈകുന്നേരം 4 മണി | വെബ്സൈറ്റിൽ ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യം അവസാനിക്കുന്നു |
| **20.11.2012** | **ഒന്നാംഘട്ട അലോട്ട്മെന്റ്** |
| 21.11.2012, 22.11.2012 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിൽ ഫീസ്/തുക ഒടുക്കണം |
| 23.11.2012, 26.11.2012 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ കോളേജ് പ്രിൻസിപ്പൽമാർ മുമ്പാകെ നേരിട്ട് ഹാജരായി പ്രവേശനം നേടണം |

| | |
|---|---|
| 27.11.2012, വൈകുന്നേരം 5 മണി | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് എടുത്ത് ഒപ്പ് രേഖപ്പെടുത്തിയശേഷം ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. |

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിലൊന്നിൽ മുകളിൽ സൂചിപ്പിച്ച തീയതികളിൽതന്നെ ഫീസൊടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം.(എം.എസ്.) 25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിലൊന്നിൽ **100/- രൂപ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

**2012-13 വർഷത്തെ എം.സി.എ. കോഴ്സ് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകൾ**

| നം. | കോളേജുകളുടെ പേരും മേൽവിലാസവും | കോളേജ് കോഡ് | സീറ്റുകൾ | ഫീസ് (രൂപ) |
|---|---|---|---|---|
| **സർക്കാർ സ്ഥാപനങ്ങൾ** | | | | |
| 1 | Government College of Engineering, Sreekaryam, Thiruvananthapuram | TVE | 30 | 7000 |
| 2 | Government College of Engineering, Thrissur | TCR | 30 | 7000 |
| 3 | Rajiv Gandhi Institute of Technology, Kottayam | KTE | 30 | 7000 |
| **സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ** | | | | |
| 1 | TKM College of Engineering, Kollam | TKM | 25 | 7000 |
| 2 | Mar Athanasius College of Engineering, Kothamangalam | MAC | 25 | 7000 |
| **സർക്കാർ നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങൾ** | | | | |
| 1 | College of Applied Sciences, Balan K Nair Road, Kozhikode | CAK | 15 (Govt. Seat) | 7000 |
| | | | 15 (Management seat) | 38500 |
| 2 | College of Applied Sciences, Vadakkanchery, Palakkad | CAV | 15 (Govt. Seat) | 7000 |
| | | | 15 (Management seat) | 38500 |
| 3 | LBS College of Engineering, Povval, Mooliyar, Kasaragod | KSD | 11 (Govt. Seat) | 7000 |
| | | | 11 (Management seat) | 38500 |
| **സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ** | | | | |
| 1 | C.H.M.M College of Advanced Studies, Metca Land, Palayamkunnu, Varkala, Thiruvananthapuram | CHM | 30 | 50000 |
| 2 | Lourdes Matha College of Science & Technology, Kuttichal, Thiruvananthapuram | LMC | 30 | 50000 |

| | | | | |
|---|---|---|---|---|
| 3 | Mohandas College of Engineering & Technology, Anad, Nedumangad, Thiruvananthapuram | MCT | 60 | 50000 |
| 4 | Mar Baselious Institute of Technology, Anchal.P.O, Kollam | MBK | 30 | 50000 |
| 5 | Sree Narayana Institute of Technology, Vadakkevila.P.O, Kollam | SIV | 45 | 50000 |
| 6 | KVVS Institute of Tehcnology, Kaithaparambu (Via) Enathu, Adoor | KVV | 30 | 50000 |
| 7 | ILAHIA College of Engineering & Technology, Mulavoor, Muvattupuzha | ICE | 30 | 50000 |
| 8 | Christ Knowledge City, Kuzhoor, Airapuram, Muvattupuzha **(Women)** | CKC | 60 | 50000 |
| 9 | SCMS School of Engineering & Technology, Vidya Nagar, Palissery, Karukutty, Cochin | SCV | 60 | 50000 |
| 10 | Sree Narayana Guru Institute of Science & Technology, Thekkethazham Jn. North Paravur, Ernakulam | SNT | 60 | 50000 |
| 11 | Sree Narayana Gurukulam College of Engineering, Kadayiruppu, Kolenchery | SNG | 30 | 50000 |
| 12 | KMM College of Arts & Science, Thrikkakara, Cochin | KCR | 60 | 50000 |
| 13 | Federal Institute of Science & Technology, Hormis Nagar, Mookkannoor, Angamaly | FIT | 30 | 50000 |
| 14 | Mount Zion College of Engineering, Kadammannitta, Pathanamthitta | MZC | 30 | 50000 |
| 15 | MES-Advanced Institute of Management & Technology (MES-AIMAT), Marampally, Aluva, Ernakulam | MEM | 60 | 50000 |
| 16 | Nehru College of Engineering Research Centre, Pampady, Thiruvilwamala, Thrissur. | NCE | 30 | 50000 |
| 17 | Vidya Academy of Science & Technology, Thalakottukkara, Thrissur | VAS | 30 | 50000 |
| 18 | Institute of Management and Technology, Thrissur Pottore, Mulankunnathukavu.P.O, Thrissur | WFT | 30 | 50000 |
| 19 | MES College of Engineering, Kuttippuram, Thrikkanapuram, Malappuram | MES | 30 | 50000 |
| 20 | AWH Engineering College, Kuttikkattoor, Kozhikode | AWH | 30 | 50000 |
| 21 | National Institute of Electronics and Information Technology, Post Box No: 5, NIT Campus, Calicut | DOE | 50 | 50000 |
| 22 | KMCT College of Engineering, Manasserry, Calicut | KMC | 50 | 50000 |
| 23 | Musaliar College of Engineering & Technology, Pathanamthitta | MCK | 30 | 50000 |

**ഫീസ്:** എം.സി.എ. കോഴ്സിന് സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകൾക്കും, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകൾക്കും വാർഷിക ട്യൂഷൻ ഫീസ് **7,000/-** രൂപയാണ്. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകൾക്ക് വാർഷിക ട്യൂഷൻ ഫീസ് **38,500/-**രൂപയാണ്. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മെരിറ്റ് സീറ്റുകൾക്ക് ട്യൂഷൻ ഫീസ് **50,000/-** രൂപയാണ്.

<u>**ട്രയൽ അലോട്ട്മെന്റ്;**</u>

15.11.2012 ന് അതുവരെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ഒരു ട്രയൽ അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രവേശന പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച റാങ്കിന്റേയുംനിലവിലുള്ളഓപ്ഷനുകളുടേയുംഅടിസ്ഥാനത്തിൽകോളേജുകളിൽ അലോട്ട് മെന്റ് ലഭിക്കാനുള്ള സാധ്യതയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകുക മാത്രമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

യഥാർത്ഥ അലോട്ട്മെന്റ് 20.11.2012 ന് പ്രസിദ്ധീകരിക്കുന്നതാണ്. **അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർതഥികൾ പ്രോസ്പക്ടസ് ഖണ്ഡിക 5 (b) ൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത അഡ്മിഷൻ സമയത്തിനുള്ളിൽ നേടിയിരിക്കേണ്ടതാണ്.**

<u>**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ :**</u>

1. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന ഒന്നാം ഘട്ട അലോട്ട്മെന്റ് മെമ്മോ.
2. ബാങ്കിൽ ഫീസ് അടച്ചതിന്റെ രസീത്.
3. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.
4. എസ്.എസ്.എൽ.സി. / ജനന തീയതി തെളിയിക്കുന്നതിനുള്ള മറ്റ് സ്കൂൾ രേഖകൾ.
5. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റുകളും, പാസ്സ് സർട്ടിഫിക്കറ്റും.
6. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും, സ്വാഭാവ സർട്ടിഫിക്കറ്റും.
7. സമീപ കാലത്ത് എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്നോ, ബോർഡുകളിൽ നിന്നോ യോഗ്യതാപരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾ നൽകുന്ന "എലിജിബിലിറ്റി സർട്ടിഫിക്കറ്റ്" ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.
10. സർക്കാർ/അർദ്ധ സർക്കാർ/ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അപേക്ഷകർ ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

കോളേജ് പ്രിൻസിപ്പൽമാർ പ്രോസ്പക്ടസിലെ 5 (b), 11.8 (b) എന്നീ ഖണ്ഡികകൾ പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതയും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം മാത്രമാണ് പ്രവേശനം നൽകേണ്ടത്.

**നിർദ്ദിഷ്ട തീയതികളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ നിലവിലുള്ള അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതും അവരെ തുടർന്ന് നടത്തുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.**

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും അടങ്ങുന്ന പ്രോസ്പക്ടസ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471- 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
07.11.2012